## കാർഷിക കാലാവസ്ഥ നിർദ്ദേശക ബുള്ളറ്റിൻ,തൃശ്ശൂർ ജില്ല

**പ്രവചന കാലയളവ് 19.07.2023 മുതൽ 23.07.2023 വരെ**

**വെള്ളാനിക്കര കേരള കാർഷിക സർവ്വകലാശാലയിലെ**
**കാർഷിക കാലാവസ്ഥാ ശാസ്ത്രപഠന വിഭാഗവും**
**ഭാരതീയ കാലാവസ്ഥാ വകുപ്പും സംയുക്തമായി തയ്യാറാക്കുന്നത്**

| എ എ എസ് ബുള്ളറ്റിൻ നമ്പർ 29/2023,(57) ചൊവ്വാഴ്ച്ച | തീയ്യതി 18/07/2023 |
|---|---|

| കഴിഞ്ഞആഴ്ചയിൽ അനുഭവപ്പെട്ട കാലാവസ്ഥ (2023 ജൂലൈ 12 മുതൽ ജൂലൈ 18 വരെ) | | | | | | | കാലാവസ്ഥാ ഘടകങ്ങൾ | | കാലാവസ്ഥാ പ്രവചനം (2023 ജൂലൈ 19 മുതൽ ജൂലൈ 23 വരെ) | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|
| 12/07 | 13/07 | 14/07 | 15/07 | 16/07 | 17/07 | 18/07 | തീയ്യതി | | 19/07 | 20/07 | 21/07 | 22/07 | 23/07 |
| 2.9 | 0.0 | 18.6 | 1.0 | 0.0 | 0.4 | 16.1 | മഴ (മില്ലീമീറ്റർ) | | 8 | 7 | 14 | 12 | 10 |
| 30.4 | 32.0 | 28.4 | 31.5 | 31.5 | 31.2 | 30.8 | ഉയർന്ന താപനില (°C) | | 31 | 31 | 31 | 31 | 31 |
| 24.3 | 24.1 | 23.2 | 24.0 | 24.9 | 24.6 | 24.2 | കുറഞ്ഞ താപനില (°C) | | 24 | 24 | 24 | 24 | 24 |
| Cloudy | Overcast | Partially Cloudy | Partially Cloudy | Cloudy | Overcast | Cloudy | AM | മേഘ വ്യാപ്തി (ഒക്ടാ) | Overcast | Overcast | Overcast | Overcast | Overcast |
| Partially Cloudy | Cloudy | Cloudy | Partially Cloudy | Cloudy | Cloudy | | PM | | | | | | |
| 97 | 94 | 96 | 92 | 97 | 97 | 98 | കൂടിയ അന്തരീക്ഷ ആർദ്രത (%) | | 92 | 90 | 92 | 92 | 92 |
| 65 | 82 | 67 | 73 | 69 | 84 | | കുറഞ്ഞ അന്തരീക്ഷ ആർദ്രത (%) | | 74 | 74 | 73 | 73 | 73 |
| 0.7 | 1.3 | 0.9 | 1.5 | 1.3 | 1.3 | 1.0 | കാറ്റിന്റെ വേഗത (കിലോമീറ്റർ/മണിക്കൂർ) | | 8 | 5 | 5 | 5 | 5 |
| C | C | C | C | C | C | C | AM | കാറ്റിന്റെ ദിശ (ഡിഗ്രി ) | NW | W | WNW | W | WNW |
| NNW | WSW | NE | W | NNW | C | | PM | | | | | | |

| കഴിഞ്ഞ ആഴ്ച്ചയിലെ മഴ (മില്ലീമീറ്റർ) | 01/01/2023 മുതൽ ഇന്നുവരെയുള്ള മഴ (മില്ലീമീറ്റർ) | 01/06/23 മുതൽ ഇന്നുവരെയുള്ള മഴ (മില്ലീമീറ്റർ) |
|---|---|---|
| 39.0 | 844.0 | 710.4 |

കാലാവസ്ഥാ അറിയിപ്പ്: IMD യുടെ പ്രവചനപ്രകാരം ജില്ലയിൽ നേരിയ തോതിൽ മഴയ്ക്കും ഒറ്റപ്പെട്ട സ്ഥലങ്ങളിൽ സാമാന്യം ഭേദപ്പെട്ട മഴയ്ക്കും സാധ്യത. കേരളത്തിൽ ശരാശരി മഴ ലഭിക്കാൻ സാധ്യത.

### 3. വിള പരിപാലനത്തിനുള്ള പൊതു നിർദ്ദേശങ്ങളും കാർഷിക നിർദ്ദേശങ്ങളും

പൊതുനിർദേശങ്ങൾ: കാലവർഷ സമയത്ത് കാർഷികവിളകൾക്ക് പ്രത്യേക വിളപരിപാലനം നടത്തേണ്ടതാണ്. വെള്ളക്കെട്ടുള്ള സ്ഥലങ്ങളിൽ നീർവാർച്ചാസൗകര്യങ്ങൾ ഉറപ്പുവരുത്തുക. വാഴകൾക്ക് താങ്ങുകാലുകൾ നൽകുക. പച്ചക്കറി പന്തലുകൾ ബലപ്പെടുത്തുക. മഴയില്ലാത്ത സമയത്ത്മാത്രം കീടനാശിനി പ്രയോഗം നടത്തുക.

| വിളകൾ | രോഗ-കീടങ്ങൾ | കാർഷിക / മൃഗസംരക്ഷണ നിർദ്ദേശങ്ങൾ |
|---|---|---|
| നെല്ല് –വിരിപ്പ് (ഞാറ്പരുവം) | - | മൂപ്പ് കുറഞ്ഞ ഇനങ്ങൾക്ക് അടിവളമായിട്ട് ഒരേക്കറിന് 30 കിലോഗ്രാം യൂറിയ, 70 കിലോഗ്രാം രാജ്ഫോസ്, 8 കിലോഗ്രാം പൊട്ടാഷ് എന്ന തോതിൽ രാസ വളങ്ങൾ ഇട്ടുകൊടുക്കാവുന്നതാണ് . |
| വാഴ | - | കുല വന്നതിന് ശേഷം ഒരാഴ്ച കഴിഞ്ഞ് 65 ഗ്രാം യൂറിയ, 110 ഗ്രാം പൊട്ടാഷ് എന്നിവ ഒരു വാഴക്ക് എന്ന തോതിൽ ഇട്ട് കൊടുക്കുക. |
| പച്ചക്കറികൾ (പയറ്) | കരിവള്ളിക്കേട് | മഴക്കാലത്ത് പയറിൽ കരിവള്ളിക്കേട് എന്ന രോഗം കാണാനിടയുണ്ട്. പ്രതിവിധിയായി 1% ബോർഡോമിശ്രിതം കലക്കി തളിക്കുക. അല്ലെങ്കിൽ 20 ഗ്രാം സ്യൂഡോമോണാസ് ഒരു ലിറ്റർ വെള്ളത്തിൽ കലക്കി തളിക്കുക. മഴയില്ലാത്ത സമയത്ത് മാത്രം കീടനാശിനി പ്രയോഗം നടത്തുക. |
| പച്ചക്കറികൾ (വെള്ളരി വർഗ്ഗങ്ങൾ) | മൃദുരോമപൂപ്പ് | മഴക്കാലത്ത് വെള്ളരിവർഗ്ഗ പച്ചക്കറികളിൽ മൃദുരോമപൂപ്പ് എന്ന കുമിൾ രോഗം കാണാനിടയുണ്ട്. പ്രതിവിധിയായി 2.5 ഗ്രാം മാങ്കോസെബ് 1 ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ ഇലയുടെ അടിയിൽ പതിയത്തക്കവിധത്തിൽ കലക്കി തളിക്കുക. മഴയില്ലാത്ത സമയത്ത് മാത്രം കീടനാശിനി പ്രയോഗം നടത്തുക. |

മൃഗസംരക്ഷണം:- കാലിത്തീറ്റ വെയിലത്ത് ഉണക്കേണ്ടതാണ്. കാലിത്തീറ്റയിൽ പൂപ്പൽ പടരാതിരിക്കാൻ ശ്രദ്ധിക്കണം.കുളമ്പ് രോഗത്തിന്റെ പ്രതിരോധ കുത്തിവെയ്പ് എടുക്കുക. കുളമ്പു രോഗം, കുളമ്പിനുണ്ടാകുന്ന ക്ഷതങ്ങൾ എന്നിവ ഒഴിവാക്കുന്നതിനായി വെള്ളക്കെട്ടുകളിൽ മേയാൻ വിടാതിരിക്കുക. (CAADECCS KVASU, Mannuthy).